"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ചെറുതാഴം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ഇൻ-ചാർജ്ജ് ശ്രീ. സി.എം. ഹരിദാസനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.999/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.11.2014-ലെ ഇ13 (വി.ഇ.10/13/കെഎൻആർ) 31152/13 നമ്പർ കത്ത്

2 വിജിലൻസ് (ബി) വകുപ്പിന്റെ 27.05.2015-ലെ 15398/ബി2/14/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 26.04.2016-ലെ 456/ഇപിബി3/15/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി.എം. ഹരിദാസ് സമർപ്പിച്ച 30.07.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 11.01.2017-ലെ ഡി9-16288/2016 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്ത് പദ്ധതി നിർവഹണം 2008-09 വർഷം നെല്ല് സംസ്കരണ യൂണിറ്റ് പ്രവർത്തന ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ബോയിലറുകളും അനുബന്ധ മെഷീനുകളും നിർമ്മിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കാതെ പദ്ധതി നടപ്പിലാക്കുകയും സപ്ലൈ ഏജൻസി മാത്രമായ M/s. RAIDCO-യ്ക്ക് 16,75,44/- രൂപയുടെ സപ്ലൈ ഓർഡർ നൽകുകയും ചെയ്യുന്നും പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. സി.എം. ഹരിദാസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.എം. ഹരിദാസിനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. സി.എം. ഹരിദാസ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. സി.എം. ഹരിദാസ് നിലവിൽ ഏഴോം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്യുകയാണെന്നും 2008-09. 2009-10 സാമ്പത്തിക വർഷം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-5 ൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കുന്ന അവസരത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന്റെ 17.07.2009-ലെ ഉത്തരവ് പ്രകാരം 17.02.2009 മുതൽ 15.05.2009 വരെ ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല നിർവ്വഹിച്ചിരുന്നുവെന്നും ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രൊജക്റ്റ് 97/09 നെല്ല് സംസ്കരണ യൂണിറ്റ് നെല്ല് പുഴുങ്ങുന്ന യന്ത്രം വാങ്ങൽ എന്ന പ്രോജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ ആണെന്നും പ്രസ്തുത പ്രോജക്റ്റിന് 2009-10 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 85/2016 ആയി സ്പിൽ ഓവർ പദ്ധതിയായി അനുമതി ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 02.02.2009-ലെ ഡി.പി.സി./ഡിപിഒ/കെഎൻആർ.540/08 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിക്കുമ്പോഴോ പ്രൊജക്റ്റ് തയാറാക്കുന്ന ഘട്ടത്തിലോ ശ്രീ. സി.എം. ഹരിദാസ് ചെറുതാഴം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ചുമതലയിൽ ഉണ്ടായിരുന്നില്ലെന്നും പ്രൊജക്റ്റ് നമ്പർ 97/2009-ൽ കൃഷി ഓഫീസറുടെ റിക്വിസിഷന്റെയും പ്രസിഡന്റ്

അധികാരപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ 1,75,044/- രൂപ അലോട്ട്മെന്റ് നൽകുക മാത്രമാണ് ടിയാൻ ചെയ്തതെന്നും ചാർജ്ജ് മെമ്മോയിൽ പറയുന്ന 16,75,044/- രൂപയിൽ ബാക്കി 15,00,,000/- രൂപക്ക് 2009 ജൂലൈ 29 തീയതിക്കാണ് കൃഷി ഓഫീസർ റിക്വിസിഷൻ നൽകിയിട്ടുള്ളതെന്നും പ്രസ്തുത കാലയളവിൽ ടിയാൻ സെക്രട്ടറിയുടെ ചുമതലയിലില്ലെന്നും 15.05.2009-ന് സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്ന് ഒഴിവാക്കിയിരുന്നു എന്ന കാര്യം രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

പഞ്ചായത്തിന്റെ 12.03.2009-ന്റെ 38/09 (3) നമ്പർ തീരുമാന പ്രകാരമാണ് റെയ്ഡ്കോയുടെ സിംഗിൾ ടെൻഡർ അംഗീകരിക്കുന്നതെന്നും പ്രസ്തുത ഭരണസമിതി തീരുമാനത്തിൽ സാമ്പത്തിക വർഷാവസാനമായതിനാൽ റീ-ടെൻഡർ പ്രയോഗികമല്ലാത്തതിനാലും വകയിരുത്തിയതിലും കുറഞ്ഞ തുക കോട്ട് ചെയ്തതിനാലും റെയ്ഡ്കോയുടെ ടെൻഡർ അംഗീകരിച്ച സാധനങ്ങൾ സപ്ലൈ ഓർഡർ നൽകി വാങ്ങിക്കുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയത് ടിയാൻ സെക്രട്ടറി ആയ കാലയളവിലാണെന്ന് കാണുന്നുവെന്നും 02.03.2009-ലെ ദേശാഭിമാനി പത്രത്തിൽ എ3-600/08 നമ്പറായി ടെൻഡർ നോട്ടീസ് പ്രസിദ്ധപ്പെടുത്തി എന്നതും റെയ്ഡ്കോ മാത്രമാണ് ടെൻഡറിൽ പങ്കെടുത്തത് എന്ന കാര്യവും ശരിയാണെന്നും എന്നാൽ ടെൻഡർ നടപടികളിൽ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും 2014-15 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5-ൽ പറയുന്നതുപോലെ നഗരവത്കരണത്തെ അതിജീവിച്ചുകൊണ്ട് കാർഷിക ഭൂമി സംരക്ഷിക്കപ്പെടുന്ന ഒരു പഞ്ചായത്താണ് ചെറുതാഴം എന്നും 11 പാടശേഖരങ്ങളിലായി 400 ഹെക്ടറോളം നെൽ വയൽ സംരക്ഷിക്കപ്പെടുന്നുവെന്നും സമഗ്ര നെൽകൃഷിയുടെ 500 ഹെക്ടറോളം സ്ഥലത്ത് രണ്ടു വിളകളിലായി നെൽകൃഷി ചെയ്ത് വരുന്നുണ്ടെന്നും നെല്ല് ഉല്പാദനമെന്ന പ്രാഥമിക ലക്ഷ്യത്തിൽ ഒതുങ്ങിപ്പോകാതെ അതിന്റെ തുടർപ്രക്രിയ എന്ന നിലയിലാണ് വിളയാങ്കോട് വ്യവസായ എസ്റ്റേറ്റിൽ മില്ല് പ്രവർത്തനം തുടങ്ങിയിരിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ റിക്വിസിഷന്റെ സ.ഉ.(പി) 177/2006/ഫിൻ തീയതി 12.04.2006 ഓർഡർ നം. 7 (3) ൽ പറയുന്ന "Based on the authorisation given by the President/Mayor/Chairperson, the Secretary of the LSGI, shall give in allotment for the actual requirement of funds by an allotment letter in the form in Annexure C-II" എന്ന് പ്രതിപാദിക്കുന്ന പ്രകാരം സെക്രട്ടറി അലോട്ട്മെന്റ് കൊടുക്കാൻ ബാധ്യസ്ഥനാണെന്നും ആയത് അനുസരിച്ചാണ് സെക്രട്ടറി അലോട്ട്മെന്റ് കൊടുത്തിരിക്കുന്നത് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

73-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ പ്രൊജക്റ്റ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നതെന്നും എം.എൽ.എ. ശ്രീ. ടി.വി.രാജേഷ് 24.08.2015 ന് പ്രസ്തുത മിൽ ഉൽഘാടനം ചെയ്യുകയും ഇവിടെനിന്ന് പൊന്മണി എന്ന ബ്രാൻഡിൽ ജൈവ അരി ഉത്പാദിപ്പിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. സി.എം. ഹരിദാസ് സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ നിന്നും ചെറുതാഴം മുൻ സെക്രട്ടറി ഇൻ ചാർജ്ജ് ശ്രീ. സി.എം ഹരിദാസിനെതിരെയുള്ള അച്ചടക്കനടപടി തുടരുവാൻ തക്കവണ്ണം ടിയാന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ഇൻ-ചാർജ്ജ് ശ്രീ. സി.എം. ഹരിദാസനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. സി.എം. ഹരിദാസ്, മുൻ സെക്രട്ടറി ഇൻ-ചാർജ്ജ്, ചെറുതാഴം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം മുഖേന)

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്ക് നം.വിജി.ബി2/126/2020/വിജി. തീയതി 18.04.2020പ്രകാരം)

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/456/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date 2020.06.28 16:24:38 IST
Reason: Approved

സെക്ഷൻ ഓഫീസർ